


Vol. 2, Issue No. 3 JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE FEBRUARY 2016

## Editor's Desk

*സ്നേഹമുള്ളവരേ,*

**നോ**മ്പുകാലം ഒരു രണ്ടാമൂഴമാണ്. അത്തിമരത്തിന് ദൈവം തമ്പുരാൻ കൊടുത്ത പോലെയുള്ള ഒരു രണ്ടാമൂഴം. ദൈവം നൽകുന്ന രണ്ടാമൂഴമായി നോമ്പുകാലത്തെ കാണുകയാണെങ്കിൽ, ഈ നോമ്പുകാലം ഒരു അനുഷ്ഠാനമായി മാത്രം കടന്നുപോകാതെ ജീവിതത്തിലെ വലിയൊരു മാറ്റത്തിന്റെ സമയമായി നമുക്ക് മാറ്റിയെടുക്കാവുന്നതാണ്.

ഒരു പക്ഷെ മനുഷ്യസഹജമായ തെറ്റുകൾ ആവർത്തിക്കപ്പെടാൻ ഇനിയും സാധ്യത ഉണ്ടെങ്കിലും അവയെ ക്രിയാത്മകമായ മനസ്സോടെ ദൂരീകരിക്കാനും ജീവിതത്തിന്റെ മുഖഛായ മാറ്റാനും നാം പരിശ്രമിക്കുകയാണെങ്കിൽ തീർച്ചയായും ഈ നോമ്പുകാലം ഫലപ്രദമാകും. ചെറിയ ചെറിയ മാറ്റങ്ങളാണ് വലിയ മാറ്റത്തിന് വഴിയൊരുക്കുക. 'Trivialities make perfection, but perfection is not a trivial thing'. ചെറിയ ചെറിയ കാര്യങ്ങളാണ് നമ്മെ പരിപൂർണ്ണതയിലേക്ക് നയിക്കുക. പക്ഷേ പരിപൂർണ്ണത ഒരു ചെറിയ കാര്യമല്ല.

അതുകൊണ്ട് ഈ നോമ്പുകാലം ആത്മവിചിന്തനത്തിന്റെയും ക്രിയാത്മകവിമർശനത്തിന്റെയും അവസരമാകട്ടെ. ചെറുതെങ്കിലും ഉറച്ച തീരുമാനങ്ങളും ആത്മാർത്ഥമായ പരിശ്രമവും മാറ്റങ്ങളിലേക്ക് നമ്മെ നയിക്കും. എല്ലാവർക്കും ഫലദായകമായ നോമ്പുകാലം നേർന്നുകൊള്ളുന്നു.

**ഫാ. സിജോ ചെറുവത്തൂർ**
എഡിറ്റർ

## Message

**ജൂ**ബിലറ്റ് രണ്ടാം പതിപ്പുമായി 2016-ൽ ഇറങ്ങുമ്പോൾ നാമിപ്പോഴും പുതുവർഷ ലഹരിയിലാണ്. ഈയവസരത്തിൽ എല്ലാ ജൂബിലി കുടുംബാംഗങ്ങൾക്കും സന്തോഷപ്രദവും, സമൃദ്ധി നിറഞ്ഞതും ആരോഗ്യകരവുമായ ഒരു പുതുവർഷം ആശംസിക്കട്ടെ.

ഈ സമയത്താണ് നാം 2015-ലെ സംഭവങ്ങളുടെ കണക്കെടുപ്പ് നടത്തുന്നത്. നമുക്കെല്ലാവർക്കും ഉയർച്ചതാഴ്ച്ചകളും, നല്ലതും മോശവുമായ ധാരാളം അനുഭവങ്ങൾ 2015ൽ ഉണ്ടായിട്ടുണ്ടാകാം. നമ്മൾ മോശം അനുഭവങ്ങൾ ഉണ്ടാകാൻ ഇടയായ സാഹചര്യം വിശകലനം ചെയ്ത് തിരുത്തേണ്ടിയിരിക്കുന്നു. അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ അല്ലെങ്കിൽ മറികടക്കാൻ കഴിഞ്ഞാൽ വരും വർഷങ്ങളിൽ നമ്മുടെ ജീവിതത്തിൽ എല്ലാം നന്നായി കാണാൻ സാധിക്കും.

വിജയത്തിന്റെ പ്രധാന ഘടകം നല്ല ചിന്തകൾ ഉണ്ടാവുക എന്നതാണ്. ചിന്തകൾ നന്നാകുമ്പോൾ അനുഭവങ്ങളും നന്നാകുന്നു. 2016-ൽ എല്ലാവർക്കും നല്ല സാഹചര്യങ്ങൾ മാത്രം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

വാഴ്ത്തപ്പെട്ട മദർ തെരേസയുടെ വാക്കുകൾ നമുക്ക് മാതൃകയാക്കാം - 'ഞങ്ങൾക്കു ചെയ്യുവാൻ സാധിക്കാത്ത കാര്യങ്ങൾ നിങ്ങൾ ചെയ്യുന്നു. നിങ്ങൾക്കു ചെയ്യുവാൻ സാധിക്കാത്ത കാര്യങ്ങൾ ഞങ്ങൾ ചെയ്യുന്നു - നമുക്ക് ഹൃദയങ്ങൾ ചേർത്ത് ദൈവത്തിന് മനോഹരമായ കാര്യങ്ങൾ ചെയ്യാം.' - അതെ, നമുക്ക് കൈകോർത്ത് ജൂബിലി മിഷന് വേണ്ടി മനോഹരമായത് ചെയ്യാം.

**ഡോ. അലക്സ് ജോസഫ്**
പ്രിൻസിപ്പാൾ,
ജൂബിലി മിഷൻ മെഡിക്കൽ കോളേജ്

## 'ഹോസ്പിറ്റൽ @ ഹോം' പദ്ധതി




**പ**ദ്ധതിയുടെ ഉദ്ഘാടനം എം. പി. ശ്രീ. സി. എൻ. ജയദേവൻ നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ പത്മശ്രീ ഡോ. ടി. സുന്ദർ മേനോൻ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിൽ 9 ശതമാനം പേർ വയോജന വിഭാഗത്തിൽ പെടുന്നുവെങ്കിൽ കേരളത്തിൽ 12 ശതമാനം പേർ വയോജന വിഭാഗത്തിൽ പെട്ടവരാണ്. ഇവരെയാണ് ഭവന പരിചരണ പദ്ധതിയുടെ ഭാഗമാക്കുന്നത്. ആശുപത്രി സേവനം വേണ്ടവർക്ക് മുൻഗണന ലഭിക്കുമെന്ന് ഡോ. സ്റ്റീവ് പോൾ അറിയിച്ചു. പത്മശ്രീ ഡോ. ടി. സുന്ദർമേനോനെ ചടങ്ങിൽ ആദരിച്ചു. ഡിവിഷണൽ കൗൺസിലർ ജോസി ചാണ്ടി, ഫാ. വർഗ്ഗീസ് കൂത്തൂർ, ഡോ. ബെന്നി ജോസഫ്, ഡോ. അലക്സ് ജോസഫ് എന്നിവർ സംസാരിച്ചു.

# രോഗികൾക്ക് വീൽചെയർ നൽകി



തോപ്പ് സെന്റ് തോമസ് സ്കൂളിലെ റെഡ് ക്രോസ് സംഘടനാംഗങ്ങൾ രോഗികൾക്കുള്ള വീൽചെയറുകളും, വാക്കറും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിന് കൈമാറി.

# റിസർച്ച് മീററിംഗ്

**ജൂ**ബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ (JCMR) വാർഷിക ഉപദേശക സമിതി 2015 ഡിസംബർ 21–ന് CCM ഹാളിൽ യോഗം ചേർന്നു. അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷം വഹിച്ചു. ഡോ. വി. ബാലസുബ്രഹ്മണ്യം (സെന്റ് ജോൺസ്, ബാംഗ്ലൂർ), ഡോ. സി. കെ. കെ. നായർ (പുഷ്പഗിരി, തിരുവല്ല), ഡോ. പി. എ. സുരേഷ് (ICCONS, ഷൊർണ്ണൂർ), ഡോ. കെ. എസ്. ഷാജി (ഗവ. മെഡിക്കൽ കോളേജ്, തൃശ്ശൂർ) എന്നിവർ ജൂബിലിയ്ക്ക് പുറത്തുനിന്നുള്ള അംഗങ്ങളായിരുന്നു. ഗവേഷണ കേന്ദ്രത്തിന്റെ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർവർഷത്തേക്കുള്ള നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുകയും ചെയ്തു. ജൂബിലിയിൽ നടന്നുകൊണ്ടിരിക്കുന്ന വിവിധ ഗവേഷണപദ്ധതികളെക്കുറിച്ച് ഡോ. വി. സി. മനോജ്, ഡോ. ചിത്ര വത്സൻ, ഡോ. സുശീല ജേക്കബ് ഇന്ന, ഡോ. ജോമി ചക്കാലക്കുടി, ഡോ. പി. ടി. ഉല്ലാസ്, ഡോ അലക്സ് ജോർജ്ജ് എന്നിവർ വിശദീകരിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, ഫാ. സുനിൽ ചിരിയങ്കണ്ടത്ത് നന്ദിയും പറഞ്ഞു. റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആമുഖപ്രഭാഷണം നടത്തി. ഡോ. വി. കെ. രാമൻകുട്ടി, ഡോ. അലക്സ് ജോസഫ്, ഡോ. ബെന്നി ജോസഫ്. ഡോ. പി. ടി. അണ്ണാമല, ഡോ. പി. ആർ. വർഗ്ഗീസ് എന്നിവരും ഉപദേശകസമിതി യോഗത്തിൽ പങ്കെടുത്തു.

# വയോജന പരിചരണം



**ജൂ**ബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യക്ഷേമ പദ്ധതികളുടെ ഭാഗമായി ജൂബിലി ജെറിയാട്രിക് വിഭാഗത്തിനുകീഴിൽ വയോജനങ്ങൾക്കായി ഭവനചികിത്സാ പദ്ധതി ആരംഭിച്ചിരിക്കുന്നു. 60 വയസ്സിന് മുകളിൽ പ്രായമായ രോഗികൾക്ക് ആവശ്യമായ ആതുരശുശ്രൂഷയും, അവരെ ശുശ്രൂഷിക്കുന്നവർക്ക് വയോജന പരിചരണത്തിന് ആവശ്യമായ പരിശീലനവും നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി രോഗികളുടെ ആരോഗ്യ – സാമ്പത്തിക അവസ്ഥകൾക്ക് അനുയോജ്യമാണ് തയ്യാറാക്കിയിരിക്കുന്നത്.

## വയോജന പരിചരണടീം

വയോജനപരിചരണത്തിൽ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള പ്രതിജ്ഞാബദ്ധരായ വയോജന പരിചരണ വിദഗ്ദ്ധർ (Geriatricians), ഡോക്ടർമാർ, ഫിസിയോതെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, നേഴ്സുമാർ എന്നിവർ ടീമിൽ ഉൾപ്പെടുന്നു.





## വയോജന പരിചരണസേവനങ്ങൾ

- വാർദ്ധക്യരോഗങ്ങൾക്കായുള്ള വിദഗ്ദ്ധ പരിചരണം
- കൃത്യമായ ഇടവേളകളിലുള്ള മെഡിക്കൽ പരിശോധനകൾ
- ബി. പി., ബ്ലഡ് ഷുഗർ പരിശോധനകൾ
- ഫിസിയോ തെറാപ്പി
- ഡയറ്റീഷ്യന്റെ സേവനങ്ങൾ
- വീഴ്ച അപകട സാധ്യതാ നിർണ്ണയം
- കുടുംബാംഗങ്ങൾക്ക് വാർദ്ധക്യരോഗീപരിചരണ പരിശീലനം
- കിടപ്പിലായ രോഗികളുടെ പരിചരണത്തിൽ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള വിദഗ്ദ്ധരുടെ സേവനങ്ങൾ


## വയോജന പരിചരണപ്രവർത്തനങ്ങൾ

ഡോക്ടർമാർ അടങ്ങുന്ന വിദഗ്ദ്ധ സംഘം ഭവനങ്ങളിൽവന്ന് നിങ്ങളുടെ പ്രിയപ്പെട്ടവരെ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കുകയും മതിയായ ആരോഗ്യ – മാനസിക പരിചരണം ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിദേശങ്ങളിൽ ജോലി ചെയ്യുന്നതുകൊണ്ടോ, മറ്റു കാരണങ്ങൾകൊണ്ടോ മാതാപിതാക്കളുടെ സമീപത്തില്ലാത്തവർക്ക് ഈ പദ്ധതി പ്രയോജനകരമായിരിക്കും.



## വയോജനചികിത്സാ പാക്കേജുകൾ

വ്യക്തിയുടെ ആരോഗ്യാവസ്ഥ, സാമ്പത്തികാവസ്ഥ എന്നിവയെ അടിസ്ഥാനപ്പെടുത്തി മൂന്നുതരം ചികിത്സാപദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്. രോഗിയെ വിദഗ്ദ്ധമായി പരിശോധിച്ചതിനുശേഷം ജെറിയാട്രീഷ്യന്റെ നിർദ്ദേശത്തിനനുസൃതമായ ചികിത്സാപദ്ധതി തിരഞ്ഞെടുക്കേണ്ടതാണ്.



*Contact Details :*

**Jubilee Mission Medical College & Research Institute**
P.B. No. 737, Thrissur 680 005.
0487 2432200, 2461000, 2462000, 2421864
geriatrishomecare@jmmc.ac.in
www.jubileemissionmedicalcollege.org

**വയോജന പരിചരണ ടീമംഗങ്ങൾ :**

| | | |
|---|---|---|
| പ്രാഥമിക ടീം | – | ഡോക്ടർ, ഹൗസ് സർജൻ, നഴ്സ്, ഡ്രൈവർ |
| സ്പെഷ്യാലിറ്റി ടീം | – | വയോജന ചികിത്സകൻ / ഫിസിഷ്യൻ, ഫിസിയോതെറാപ്പിസ്റ്റ്, ഡയറ്റീഷ്യൻ, ഡ്രൈവർ |



# ആയുർവ്വേദം കാലാതീതം

**ഡോ. അനുമോദ് കാക്കശ്ശേരി എം.ഡി** (ആയുർവ്വേദം)
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ

ഒരു കാലത്ത് നമ്മുടെയെല്ലാവരുടേയും ചികിത്സാ ശാസ്ത്രമായിരുന്നു ആയുർവ്വേദം. ഏത് രോഗത്തിനും ഏത് അവസ്ഥയിലും ആയുർവ്വേദ ചികിത്സകൾ മതിയായിരുന്നു. ആയുർവ്വേദ ശസ്ത്രക്രിയ വിദഗ്ദനായിരുന്ന സുശ്രുതൻ പ്ലാസ്റ്റിക് സർജറിയുൾപ്പെടെയുള്ള സർജറികൾ ചെയ്തിരുന്നത് ചരിത്രമാണ്. ചരകൻ, വാഗ്ഭടൻ തുടങ്ങിയ ചികിത്സകർ വിവിധ തരത്തിലുള്ള അർബുദങ്ങൾ മാനസിക രോഗങ്ങൾ, പ്രമേഹങ്ങൾ, ന്യൂറോളജിക്കൽ രോഗങ്ങൾ എന്നിവയുടെ ചികിത്സകളും കൃത്യമായി വിവരിച്ചിട്ടുണ്ട്. ഇപ്രകാരം ചികിത്സാരംഗത്ത് ജ്വലിച്ചുനിന്നിരുന്ന ആയുർവ്വേദത്തിന് ഇക്കാലത്ത് അതിന്റെ പ്രഭാവത്തിന് മങ്ങലേറ്റു. അതിന് ഒരുപാട് കാരണങ്ങൾ ഉണ്ട്. മതപരം, രാഷ്ട്രീയം, ബ്രിട്ടീഷ് അധിനിവേശം, ആയുർവ്വേദം മേഖലയിലുണ്ടായ അപചയം എന്നിങ്ങനെ അനേകം കാരണങ്ങൾ ഉണ്ട്. എങ്കിലും, ആയുർവ്വേദം അതിനെയെല്ലാം അതിജീവിച്ച് മുന്നേറ്റത്തിന്റെ പാതയിലാണ്. ഏതാണ്ട് 4000 വർഷങ്ങൾക്ക് മുൻപേ ഉദ്ഭവിച്ച ഒരു ശാസ്ത്രം ഇപ്പോഴുള്ള പല മാരകരോഗങ്ങളുടേയും ഉത്തരമായി വരുന്നത് ഒരദ്ഭുതമാണ്. അതിനേക്കാളുപരി ആ ശാസ്ത്രത്തിന്റെ ആഴവും ദൈവപരിപാലനയും കൂടിയാണ് വ്യക്തമാക്കുന്നത്. ബൈബിളിൽ ജ്ഞാനം 7/20ൽ പറയുന്നു, "സസ്യങ്ങളുടെ വിവിധത്വവും വേരുകളുടെ ഔഷധഗുണവും തെറ്റുപറ്റാത്ത വിധം മനസ്സിലാക്കാൻ അവിടുന്നാണ് എനിക്ക് ഇടയാക്കിയത്". ഈ വചനഭാഗങ്ങളിലൂടെ മനസ്സിലാവുന്ന കാര്യം ഔഷധ ചെടികൾക്ക് വിവിധതരം രോഗം മാറ്റാനുള്ള കഴിവ് കൊടുത്തത് ദൈവം തന്നെയാണ്. ആയുർവ്വേദത്തിന്റെ വളർച്ചയ്ക്ക് വലിയൊരു തടസ്സമായത് ഗവേഷണങ്ങളുടെ അഭാവമാണ്. അതിനാൽ തന്നെ ജൂബിലി ആയുർവ്വേദ ശരിയായ ചികിത്സയോടൊപ്പം ഗവേഷണങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പ്രവർത്തന രീതിയാണ് മുന്നോട്ട് വെയ്ക്കുന്നത്.



## ഐപിസിഎൻ ട്രെയ്നിംഗ്

ഹോസ്പ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂബിലി മിഷൻ ഹോസ്പ്പിറ്റലിലെ നേഴ്സുമാർക്കു വേണ്ടി എഎച്ച്പിഐ (അസോസിയേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഓഫ് ഇന്ത്യ) ഐപിസിഎൻ (ഇൻഫെക്ഷൻ പ്രിവെൻഷൻ കൺട്രോൾ നേഴ്സ്) പരിശീലന പരിപാടി ജനുവരി 7, 8, 9 തിയ്യതികളിൽ നടത്തുകയുണ്ടായി. ക്യാപ്റ്റൻ അജിത നായർ, ഡോ. അനൂപ് വാര്യർ എന്നിവരാണ് ക്ലാസ്സുകൾക്കു നേതൃത്വം നൽകിയത്. സിസിഎം ഹാളിൽ നടത്തിയ പരിശീലനത്തിൽ 40 ഓളം സ്റ്റാഫ് നേഴ്സുമാർ പങ്കെടുത്തു.

## ജൂബിലി മിഷനിൽ സൗജന്യ ഡയാലിസിസ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ പള്ളികളുടെ തിരുന്നാളുകളോട് അനുബന്ധിച്ച് ജനുവരി 13 മുതൽ 18 വരെ ആറു ദിവസത്തെ സൗജന്യ ഡയാലിസ്സ് നടത്തി. കണ്ടശ്ശാംകടവ് സെന്റ് മേരിസ് ചർച്ച്, തിരൂർ സെന്റ് തോമസ് ചർച്ച്, ചേറൂർ സെന്റ് ഫ്രാൻസീസ് ചർച്ച്, കാരമുക്ക് സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ചർച്ച് എന്നീ പള്ളികളാണ് ഡയാലിസിസ് സ്പോൺസർ ചെയ്തത്.

## JCMR-ന് പുതിയ ലാബ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനുവേണ്ടി പുതുതായി പൂർത്തിയാക്കിയ ലാബുകളുടെ വെഞ്ചിരിപ്പു കർമ്മം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് 2015 ഡിസംബർ 21-ന് നിർവ്വഹിച്ചു. അക്കാദമിക്ക് ബ്ലോക്കിൽ 4-ാം നിലയിൽ ഡി ബ്ലോക്കിൽ ബയോകെമിസ്ട്രി, ഹിസ്റ്റോളജി എന്നിവക്കുവേണ്ടി 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ലാബും 5-ാം നിലയിൽ ബി ബ്ലോക്കിൽ 750 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വൈറോളജി ലാബുമാണ് പുതിയതായിട്ടുള്ളത്. നിലവിൽ 5-ാം നിലയിൽ ഡി ബ്ലോക്കിൽ പ്രവർത്തിച്ചുവരുന്നതിനുപുറമെയാണ് പുതിയ ലാബുകൾ ക്രമീകരിച്ചിട്ടുള്ളത്.

## റിസർച്ച് ഹൈലൈറ്റ്സ്

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിന്റെ നേതൃത്വത്തിൽ 2016 ജനുവരി 5-ാം തിയതി ഒരു ഏകദിന പ്രബന്ധാവതരണം (റിസർച്ച് ഹൈലൈറ്റ്സ് - 2016) നടത്തുകയുണ്ടായി. കഴിഞ്ഞ നവംബർ (2015) KUHS-ലേക്ക് തീസീസ് സമർപ്പിച്ച 2013 ബാച്ചുകാരായ 22 പേരാണ് ഇതിൽ പങ്കെടുത്തത്. എം. ഡി. വിഭാഗത്തിൽ നിന്ന് പീഡിയാട്രിക് പി. ജി ഡോ. മഞ്ജുനാഥ് പി. എസ്., എം. എസ്. വിഭാഗത്തിൽ നിന്ന് ഗൈനക്കോളജി പി.ജി. ഡോ അയിഷ സലാം എന്നിവരാണ് ഒന്നാം സമ്മാനത്തിന് അർഹരായത്. എം. ഡി. വിഭാഗത്തിൽ ഡോ. ഡി. എം. വാസുദേവൻ, ഡോ. മനോജ് വി. സി. എന്നിവരും എം. എസ്. വിഭാഗത്തിൽ ഡോ. മനുരാജ്, ഡോ. ഗോപാൽ എസ്. പിള്ള (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) എന്നിവരുമാണ് ജൂറിയായിരുന്നത്.

## WELCOME TO JUBILEE FAMILY

| Sl No. | Name | Department |
|---|---|---|
| 1 | TONY K ANTONY | ANAESTHESIA |
| 2 | JISMI JOHNSON (BIJO) | AUXILARY NURSING |
| 3 | BLESSY BENNY | DIALYSIS |
| 4 | DILEEP K | ELECTRICAL MAINTENANCE DEPT |
| 5 | SHEBU P J | ELECTRICAL MAINTENANCE DEPT |
| 6 | JENCY A J | ENQUIRY COUNTER |
| 7 | RUBIYA C L | COMMUNITY MEDICINE |
| 8 | ANITTA ANTONY | NURSING |
| 9 | SARIKA P S | NURSING |
| 10 | SOUMYA SUNNY | NURSING |
| 11 | ANMOL P A | PATIENT RELATIONS DEPT |
| 12 | MITHA JOSEPH | PATIENT RELATIONS DEPT |
| 13 | PRAVEEN GEORGE | PATIENT RELATIONS DEPT |
| 14 | ANATT TREESA MATHEW | PHARMACY |
| 15 | ANNU JOMON | PHARMACY |
| 16 | SMIJI THOMAS | PHARMACY |
| 17 | SUVITHA SOMAN | PHARMACY |
| 18 | SR. MARY PUTHENCHIRA | RADIOLOGY |
| 19 | JINI JOSEPH | RECEPTION |

## അഭിമാനമായതിൽ അഭിനന്ദനങ്ങൾ

സെന്റ് തോമസ് ബ്ലോക്കിലെ ചിൽഡ്രൻസ് വാർഡ് 6-ലെ 1622-10-ാം റൂം ക്ലീൻ ചെയ്യാൻ കയറിയപ്പോൾ കിടക്കയുടെ കീഴിൽ നിന്ന് ഏകദേശം നാല് പവൻ തൂക്കം വരുന്ന മാല കിട്ടിയ **രാജകല കെ. ആർ.** എന്ന ഹൗസ് കീപ്പിങ്ങ് സ്റ്റാഫ്, അത് ഇൻചാർജ് സിസ്റ്ററെ ഏൽപ്പിച്ച് ഏല്ലാവർക്കും സത്യ സന്ധതയുടെ മാതൃകയായി.



**കഥ**

## ശിൽപി പഠിപ്പിച്ച പാഠം

**വി**നോദസഞ്ചാരകേന്ദ്രത്തിനടുത്ത് പുതുതായി നിർമ്മിക്കുന്ന ദേവാലയത്തിന്റെ മുഖവാരത്തിൽ സ്ഥാപിക്കുന്നതിനുള്ള വിശുദ്ധന്റെ പ്രതിമ നിർമ്മിക്കുന്ന തിരക്കിലായിരുന്നു ആ ശിൽപി. ശിൽപകലയിൽ അഗ്രഗണ്യനായിരുന്ന അദ്ദേഹത്തിന്റെ സൃഷ്ടികളെ സ്വദേശികളും വിദേശികളും അതീവ കൗതുകത്തോടെയാണ് വീക്ഷിച്ചിരുന്നത്. അന്നേദിവസം ഏതാനും വിനോദസഞ്ചാരികൾ അവിടേക്ക് കടന്നുവന്നു. അവർ നോക്കിയപ്പോൾ അതേ വിശുദ്ധന്റെ നിർമ്മാണം പൂർത്തിയാക്കിയ മറ്റൊരു പ്രതിമ സമീപത്തുണ്ടായിരുന്നു. "എന്തിനാണ് രണ്ട് പ്രതിമകൾ?" അവർ ചോദിച്ചു. ആദ്യത്തേതിന്റെ നിർമ്മാണം പൂർത്തിയാക്കിയപ്പോൾ ചെറിയൊരു പാകപ്പിഴ സംഭവിച്ചു. അതിനാൽ മറ്റൊന്ന് നിർമ്മിക്കുകയാണ്. " ശിൽപി പറഞ്ഞു അതുകേട്ട് സഞ്ചാരികൾ ആ പ്രതിമ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. എന്നാൽ അവർക്ക് കുറവൊന്നും കണ്ടെത്താനായില്ല. 'എവിടെയാണ് ഈ പ്രതിമക്ക് കുഴപ്പം സംഭവിച്ചത്? അവർ ജിജ്ഞാസപൂർവ്വം ആരാഞ്ഞു. മൂക്കിന്റെ ഉൾവശത്തേക്ക് ചൂണ്ടികൊണ്ട് ശിൽപി പറഞ്ഞു "ആ ഭാഗത്ത് മിനുക്ക് പണി നടത്തുമ്പോൾ ചെറുതായി അടർന്നു പോയിട്ടുണ്ട്." വളരെ ശ്രദ്ധിച്ച് നോക്കിയാൽ മാത്രമേ അത് മനസ്സിലാകുകയുള്ളൂ. "ഈ പ്രതിമ പത്ത് മുപ്പത് അടി ഉയരത്തിലല്ലെ സ്ഥാപിക്കാൻ പോകുന്നത് ?" അപ്പോൾ മറ്റാർക്കും ഈ പോരായ്മ തിരിച്ചറിയാൻ കഴിയുകയില്ലല്ലൊ?" അവർ ചോദിച്ചു. "മറ്റാരും മനസ്സിലാക്കിയില്ലെങ്കിലും അതിന് പോരായ്മയുണ്ടെന്ന് എനിക്കറിയാം." ശിൽപി മറുപടി പറഞ്ഞു. ഏൽപ്പിക്കപ്പെട്ട ഉത്തവാദിത്വം കൃത്യതയോടെ നിർവ്വഹിക്കണം. വീഴ്ചകൾ മനുഷ്യരുടെ മുൻപിൽ മറച്ചുപിടിക്കാൻ സാധിച്ചാലും ദൈവത്തിന്റെ കണ്ണുകളെ മറയ്ക്കാൻ ആർക്കും സാധിക്കില്ല. ഓരോരുത്തരും തനിക്ക് ലഭിച്ച ദൈവകൃപയ്ക്കനുസൃതമായി ഒരു വിദഗ്ദ ശിൽപിയെപ്പോലെ പ്രവർത്തിക്കണം. പുതുക്കത്തിന്റെയും പുനർവിചിന്തനങ്ങളുടേയും സമയമായ നോമ്പുകാലത്ത് എപ്രകാരമുള്ള ശിൽപിയാണ് നാം ഓരോരുത്തരും എന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടതുണ്ട്. മത്സ്യമാംസാദികൾ ഉപേക്ഷിക്കുന്നതിലും ഉപവസിക്കുന്നതിലും മാത്രം ഒതുങ്ങിനിൽക്കാതെ കളഞ്ഞുപോയ സരളഹൃദയം സ്വന്തമാക്കാൻ ഈ നോമ്പുകാലം കാരണമാകട്ടെ എന്ന് ആശംസിച്ചുകൊള്ളുന്നു.

**Ms. Ansa Sunil,** Lecturer, Jubilee Mission College of Nursing

## മുളപ്പിച്ച ചെറുപയർ ചപ്പാത്തി

**കലോറി : 300 kcal – പ്രോട്ടീൻ : 13 ഗ്രാം**

***ചേരുവകകൾ :***

| | | | |
|---|---|---|---|
| ഗോതമ്പ്പൊടി | : 75 ഗ്രാം | ചെറുപയർ | : 10 ഗ്രാം (മുളപ്പിച്ചത്) |
| മല്ലിയില | : 3 തണ്ട് | എണ്ണ | : 5 മില്ലി |
| ഇഞ്ചി (ചെറിയ കഷ്ണം) | : 1 | പച്ചമുളക് | : 1 എണ്ണം |
| | | ഉപ്പ് | : ആവശ്യത്തിന് |

***തയ്യാറാക്കുന്ന വിധം :*** ചെറുപയർ നന്നായി കഴുകി തലേദിവസം രാത്രി വെള്ളത്തിൽ കുതിർത്ത് മുളപ്പിയ്ക്കാൻ വയ്ക്കുക. മുളപ്പിച്ച ചെറുപയറും മല്ലിയിലയും പച്ചമുളകും കൂടി മിക്സിയിൽ അരച്ചെടുക്കുക. ഈ മിശ്രിതം ഗോതമ്പ്പൊടിയുമായി കൂട്ടി യോജിപ്പിക്കുക. അതിനുശേഷം ആവശ്യത്തിന് വെള്ളവും ഉപ്പും ചേർത്ത് നന്നായി കുഴച്ചെടുക്കുക. കുഴച്ചെടുത്ത ഈ മാവ് പത്തുമിനിറ്റ് കുറച്ച് എണ്ണ തടവി വയ്ക്കുക. അതിനുശേഷം ചെറിയ ഉരുളകളാക്കി ചപ്പാത്തി രൂപത്തിൽ പരത്തിയെടുത്ത് തവയിൽ വച്ച് ചുട്ടെടുക്കുക.

**Ms. Swapna.B Dietitian**

## Jokes



ബാങ്ക് കൊള്ളയടിച്ചതിനു ശേഷം ഒഴിഞ്ഞ സ്ഥലത്തു ഇരുന്ന് പങ്കുവയ്ക്കുവാൻ വേണ്ടി പണവും സ്വർണ്ണവും എണ്ണി തിട്ടപ്പെടുത്തുകയായിരുന്നു. നേരം വെളുക്കാറായിട്ടും തീർന്നില്ല. അപ്പോൾ നേതാവ് : എല്ലാം അതുപോലെ തന്നെ കെട്ടിവക്കുക. നാളെ പത്രത്തിൽ നിന്ന് ശരിയായ കണക്ക് കിട്ടും. അപ്പോൾ നമുക്ക് എളുപ്പത്തിൽ പങ്ക് വയ്ക്കാം.

**മി. ബേബി, ഇൻഷ്വറൻസ്**

**സമ്മാനാർഹമായ അടിക്കുറിപ്പ്**

**"ങേ! നരേന്ദ്രമോദി ഇന്ത്യയിലോ?!"**

**അടിക്കുറിപ്പ് മത്സരവിജയി**

Amalnadh T.V., EDP



## അടിക്കുറിപ്പ് മത്സരം



.................................................................

.................................................................

.................................................................

.................................................................

പേര് ..............................................

.................................................................

**Editorial Board** : Fr. Sijo Cheruvathoor | Fr. Tijo Joy | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Anto Twinkle | Ms. Suma Paul | Ms. Deepa Tom | Ms. Ansa | Ms. Krishnaveni | Ms. Ricy P. J. | Ms. Raki K. V. | Ms. Jilta | Ms. Nicy Antony | Ms. Chippy | Ms. Greeshma